**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**26 JULY 2019**

**23 DHUL-QADDAH 1440 AH**

# DAWAT-I-ALLAH – INVITATION TO ALLAH (PART 3)

# അല്ലാഹുവിലേക്കുള്ള ക്ഷണം (ഭാഗം 3)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിലേക്കുള്ള ക്ഷണം** എന്ന വിഷയത്തെ ആസ്പദമാക്കി (മൂന്നാം ഭാഗം) വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

## THE QUALITIES OF A DAI-I-ALLAH

## അല്ലാഹുവിലേക്കു ക്ഷണിക്കുന്ന ആളിന്റെ ഗുണങ്ങൾ

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ആളിന്റെ ദൗത്യം അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് നല്കുക എന്നതാണ്. അവരെ അല്ലാഹുവിലേക്ക് മാത്രം ക്ഷണിക്കുക. അവൻ ഒരിക്കലും ഭൗതിക ആകർഷണങ്ങളിലേക്ക് അവരെ ക്ഷണിക്കരുത്. അല്ലാഹുവിലേക്ക്, അവന്റെ സന്ദേശത്തിലേക്ക് ബന്ധമില്ലാത്ത കാര്യങ്ങളുടെ നേട്ടത്തിനായി ക്ഷണിക്കരുത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ (ഞാൻ പറയുവാൻ ശ്രമിക്കുന്നത്) ഭൗതിക നേട്ടത്തിനായി അല്ലാഹുവിന്റെ നാമം ഉപയോഗിക്കരുത്. അവന്റെ വ്യക്തിപരമായ ഇഹലോകനേട്ടത്തിനായി അല്ലാഹുവിന്റെ നാമം ഉപയോഗിക്കരുത്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, അവിടെ ആളുകൾ ഉണ്ടായിരിക്കും- നാം അങ്ങനെയുള്ള ആളുകളാണ്-ലോകത്തെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരാണ്. ഇതാണ്, തീർച്ചയായും ദഅ്വത്തുല്ലാഹ് (അല്ലാഹുവിലേക്കുള്ള ക്ഷണം) യുടെ യഥാർത്ഥമായ ലക്ഷ്യം. ജനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. അല്ലാഹുവിന്റെ

സന്ദേശം അവരെ അറിയിക്കുന്നതിലൂടെയാണ് അതുണ്ടാവുക. അല്ലാഹുവിലേക്ക് നയിക്കുന്ന യഥാർത്ഥ പാതയിൽ അവരെ കൊണ്ടു വരുക. വിശ്വസിപ്പിക്കുകയും ചതിക്കുകയും ചെയ്യുന്ന പാതയിലല്ല. കാരണം അത്തരം ആളുകൾ സമൂഹത്തിലുണ്ട് അവർ ദഅ്‌വത്തുല്ലാഹ് ചെയ്യുന്നതിനു പകരം, അവർ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. (അവർ അവരെ കെണിയിലകപ്പെടുത്തുന്നു) അവരുടെ സംഘത്തിൽ ചേരുക എന്നവർ പറയുന്നു. അഥവാ അവരുടെ സമുദായത്തിൽ ചേരുക എന്നവർ പറയുന്നു. അവർ പറയുന്നത് ശ്രദ്ധിക്കുവാനും ആവശ്യപ്പെടുന്നു. അവർ അവർക്ക് ഭൗതിക നേട്ടങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഇത്തരം ക്ഷണം ഒരിക്കലും യഥാർത്ഥത്തിൽ അല്ലാഹുവിലേക്കുള്ള ക്ഷണമല്ല. മറിച്ച് നിങ്ങൾ നടത്തേണ്ടത് ഇപ്രകാരമായിരിക്കണം. അതായത് ജനങ്ങൾക്ക് ആത്മീയ ധനങ്ങൾ കൂടുതലായി നേടുന്നതിനുള്ള ക്ഷണമാണ് നടത്തേണ്ടത്. അവരുടെ ആത്മീയതയുടെ നില ഉയരുന്നതിനാവശ്യമായുള്ള ഭൗതിക വഴികൾ അവർക്കും മറ്റുള്ളവർക്കും തുറക്കുന്നതിനായിട്ടായിരിക്കണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.

ആയതിനാൽ, നമ്മുടെ ക്ഷണം നമ്മുടെ വിളി അല്ലാഹുവിലേക്ക് മാത്രമാണ്. അതുകൊണ്ടാണ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും അവന് മറ്റൊരു ലക്ഷ്യവുമുണ്ടായിരിക്കരുത്. അതെ, തീർച്ചയായും അല്ലാഹു മാത്രമായിരിക്കണം. അവന്റെ ലക്ഷ്യം. സമ്പൂർണ്ണമായ ലക്ഷ്യം! അങ്ങനെ ആയാൽ ഈ ആത്മീയ ക്ഷണം നഷ്ടപ്പെട്ടു പോവുകയില്ല. നിങ്ങളുടെ നല്ല പ്രവർത്തനങ്ങൾ, തെളിയിക്കുന്നതാണ്, നിങ്ങൾ ജനങ്ങളെ തീർച്ചയായും ക്ഷണിക്കുന്നത് അല്ലാഹുവിലേക്ക് തന്നെയാണ് എന്ന്! യഥാർത്ഥമായ മതത്തെ നിങ്ങൾ അനുസരിക്കുന്നുവെങ്കിൽ, നിങ്ങൾ ജനങ്ങളെ അല്ലാഹുവിലേക്ക് മാത്രം ക്ഷണിക്കുക. മതത്തിന്റെ യഥാർത്ഥ അധ്യാപനങ്ങളെ മറച്ചു വെയ്ക്കുവാൻ നിങ്ങൾക്ക് അനുവാദമില്ല. നിങ്ങൾ അപ്രകാരം മറച്ചു വെച്ചാൽ, നിങ്ങൾ ദാഇ ഇലല്ലാഹ് (അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ) എന്ന ഉത്തരവാദിത്വം നിങ്ങൾ നിറവേറ്റിയില്ല. അല്ലാഹുവിൽ നിന്നും വരുന്ന സന്ദേശത്തെ നിങ്ങൾ മറച്ചു വെയ്ക്കുകയാണെങ്കിൽ, നിങ്ങൾ സ്വയം കള്ളം കെട്ടിച്ചമയ്ക്കുകയാണെങ്കിൽ, ഇതൊരിക്കലും അല്ലാഹുവിന്റെ മുൻപിൽ നല്ലവാക്കുക

ളായിരിക്കില്ല. അല്ലാഹുവിന്റെ കണക്കെടുപ്പിൽ ഇതൊരു പാപം തന്നെ ആയിരിക്കും. ആയതിനാൽ നിങ്ങൾ മനസ്സിലാക്കുക. ദഅ്വത്തുല്ലാഹ് എന്നത് ഒരു വലിയ ഉത്തരവാദിത്വം തന്നെയാണ്. നിങ്ങൾ ഏറ്റെടുക്കേണ്ട ഒരു വലിയ ജോലി തന്നെയാണ്.

## DAWAT-I-ALLAH REQUIRES LOTS OF PATIENCE

## ദൈവീക ക്ഷണത്തിന് വളരെയധികം ക്ഷമ ആവശ്യമാണ്

ദഅ്വത്തുല്ലാഹ് ജോലി ഏറ്റെടുത്തു ചെയ്യുന്നതിന് വളരെയധികം ക്ഷമ ആവശ്യമുള്ളതാണ്, വെറും ക്ഷമ മാത്രം പോര ! നിങ്ങൾ സ്വയം ശാന്തനായിരിക്കണം, മൃദുലമായി സംസാരിക്കണം (ആദരവോടെയും നല്ല പെരുമാറ്റത്തിലൂടെയും) കാരണം നിങ്ങൾ എല്ലാത്തരം ആളുകളെയും, ദൈവീക സന്ദേശം അവർക്ക് നല്കുവാനായി കണ്ടു മുട്ടേണ്ടതായി വരും. അത്തരം ആളുകളിൽ ചിലർ വലിയ തലക്കനം ഉള്ളവരായിരിക്കും. മറ്റു ചിലർ വലിയ തന്നിഷ്ടക്കാരായിരിക്കും. അവരുടെ അനുകൂലമല്ലാത്ത നിലപാടുകളെപറ്റി നിങ്ങൾ മനസ്സിലാക്കിയിരിക്കണം. നേർക്കുനേർ നില്ക്കുമ്പോൾ മോശം വാക്കുകളിലൂടെ അവിടെ കുഴപ്പം ഉണ്ടാകുവാനും സാധ്യതയുണ്ട്. ഇക്കാര്യങ്ങളൊക്കെ പരിഗണിക്കേണ്ടതാണ്. നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം, നിങ്ങൾ ചെയ്യേണ്ടത് ദൈവീക സന്ദേശം എത്തിക്കുക എന്നത് മാത്രമാകുന്നു. അത് അവർക്ക് മനസ്സിലാക്കുവാൻ സഹായിക്കുക എന്നതാണ്, ഇനി, അവർക്കത് മനസ്സിലാകുന്നില്ലെങ്കിൽ, അവർ ശ്രദ്ധിക്കുന്നില്ലെങ്കിൽ, പിന്നീടുള്ളതു അവരും അല്ലാഹുമായിട്ടുള്ള കാര്യമാകുന്നു.

നിങ്ങൾ അവരിൽ നിന്നും തികച്ചും വ്യത്യസ്ഥമാകുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം, അല്ലാഹുവിന്റെ തൃപ്തികാംഷിച്ചു കൊണ്ടു മാത്രമുള്ളതാണ്. നിങ്ങൾ മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യം അതായത് നിങ്ങൾ ചെയ്യുന്നത് അല്ലാഹുവിന്റെ ഒരു ദൂതൻ ചെയ്യുന്ന പണിയാണ്. നിങ്ങൾ ഓർത്തിരിക്കേണ്ട കാര്യം അതായത് ഒരു ദൈവദൂതൻ (അല്ലാഹുവിന്റെ എല്ലാ ദൂതന്മാരും) എല്ലാവിധ പീഢനങ്ങളും ഏറ്റുവാങ്ങിയിട്ടുള്ളവരാകുന്നു. എല്ലാവിധ പരീക്ഷണങ്ങളിലൂടെയും കടന്നു പോയവരാണ്, എല്ലാവിധ പ്രശ്നങ്ങളിലൂടെയും കടന്നുപോയവരാകുന്നു. എല്ലാവിധ ആക്ഷേപങ്ങളിലൂടെയും കടന്നുപോയവരാകുന്നു. എല്ലാവിധ

ആക്ഷേപങ്ങളിലൂടെയും നടന്നു കയറിയവരാകുന്നു. ജനങ്ങൾ അവരെ പരിഹസിക്കും. നിന്ദ്യവാക്കുകൾ കൊണ്ട് അഭിഷേകം ചെയ്യും. അവർ അദ്ദേഹത്തെ ഭ്രാന്തനെന്ന് വിളിക്കും. ചെപ്പടി വിദ്യക്കാരനെന്നും വിളിക്കും. വിശ്വാസികളെ പുതിയ ആശയങ്ങൾ കുത്തിവെച്ച വഴിതെറ്റിക്കുന്നവനെന്നു കുറ്റപ്പെടുത്തും, എല്ലാ ജനങ്ങളെയും അവരുടെ കുടുംബങ്ങളെയും പുതിയ ആശയം കൊണ്ട് മലീമസമാക്കുന്നവൻ എന്നാരോപിക്കും! എന്നാൽ അല്ലാഹുവിന്റെ ദൂതനും വിശ്വാസികളും എന്താണ് ചെയ്യേണ്ടത്? അവർ ഉറച്ച് നിന്ന് തങ്ങളുടെ പ്രവർത്തനങ്ങൾ തുടരേണ്ടതാണ്. ക്ഷമയോടെ അവർ ഇതിനെ അഭിമുഖീകരിക്കേണ്ടതാണ്. അല്ലാഹു(ത)യുടെ സഹായം വന്നെത്തുംവരേക്കും (അവർ) വിജശ്രീലാളിതരായി തീരുവാൻ അവൻ, അവരെ പ്രാപ്തമാക്കുന്നതുവരെ, ക്ഷമയോടെ പ്രവർത്തിക്കുക, അവന്റെ അപാരമായ അനുഗ്രഹത്താൽ അവർ വിജയികളായി തീരുന്നതാണ്.

യഥാർത്ഥ മതത്തിന്റെ യഥാർത്ഥ സന്ദേശം നല്കുന്നതിന് കഠിനമായി യത്നിക്കുന്ന ആളുകളുണ്ട്- അതാണ് ഇസ്ലാം- അതവർ എത്തിക്കുന്നത് അവരോടുള്ള സ്നേഹവും സൗഹൃദവും കൊണ്ടാണ്. അപ്പോഴതാ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ഇത്തരം ആളുകളുടെ ശത്രുക്കളായി അവർ മാറുന്നതാണ്, മറ്റുള്ളവരെ, അല്ലാഹുവിലേക്ക് നയിക്കുന്ന ഈ ശരിയായ പാതയിൽ സഹകരിക്കുന്നതിൽ നിന്ന്, അവർ (അവരെ) തടയുകയും ചെയ്യുന്നു. അതുകൊണ്ട്, ഈ പ്രയാസങ്ങളൊക്കെ നിങ്ങൾ ക്ഷമയോടെ നേരിടുക. ഇതിന്റെ പ്രതിഫലം, ഈ ക്ഷമയുടെ സത്ഫലങ്ങൾ വളരെ മഹത്വപൂർണ്ണമായതും, അതുപോലെതന്നെ, മധുരതരവുമായിരിക്കും.

നല്ല കാര്യങ്ങൾക്കായി ജനങ്ങളെ നിങ്ങൾ ക്ഷണിക്കുവാൻ ആരംഭിക്കുമ്പോൾ, അപ്പോൾ അവിടെ അനേകർ ഉണ്ടാകും, നിങ്ങൾ പറയുന്നതിനെ വിലയ്ക്കെടുക്കാത്തവരായി! നിങ്ങൾ പറയുന്നതിൽ അവർക്ക് യാതൊരു താല്പര്യവും ഇല്ലാത്തവരായി അവരെ നിങ്ങൾക്ക് കാണാം. ഇതിൻഫലമായി നിങ്ങൾ ധൈര്യം നഷ്ടപ്പെട്ടവരായി തീരാൻ സാധ്യതയുണ്ട്, ഇത് നിങ്ങളിൽ ഒരു നിരാശ കൊണ്ടു വരാം. കാരണം നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് യാതൊരു ഫലവുമില്ലല്ലോ എന്ന്!

അങ്ങനെ നിങ്ങൾ സ്വയം ദുർബലനായും, ദുഃഖിതനായും കാണപ്പെടും. നിങ്ങൾ നിരാശനാകാൻ പാടില്ല. ധൈര്യം ചോർന്നു പോയവനാകാനും പാടില്ല. നിങ്ങൾ ഉറച്ചു നില്ക്കണം. നിങ്ങളുടെ വാക്കിലും പ്രവർത്തിയിലും സ്ഥിരത കൈക്കൊള്ളണം. നിങ്ങളുടെ ക്ഷമയുടെ പ്രതിഫലമായി, നിങ്ങൾക്ക് വളരെ വലിയ പ്രതിഫലം ലഭിക്കുന്നതാണ്. സമയം ആസന്നമാകുമ്പോൾ, അവിടെ നിങ്ങൾക്ക് നിങ്ങളുടെ ജോലിയുടെ കൂലി ലഭിക്കുന്നതാണ്. നിങ്ങൾ പ്രകടിപ്പിച്ച ക്ഷമയുടെ പ്രതിഫലം നിങ്ങൾക്ക് നല്കപ്പെടുക തന്നെ ചെയ്യും. ഇതു തീർച്ചയായും മഹത്തായതും, അപ്രതീക്ഷിതമായതും (സന്തോഷം നിറഞ്ഞതുമായ) ഒരു പ്രതിഫലമായിരിക്കും, അത് നിങ്ങൾ ദുഅ്വത്തുല്ലാഹ് ചെയ്തതിനുള്ള പ്രതിഫലമാണ്.

ആയതിനാൽ, ക്ഷമ ഒരു വലിയ നന്മ തന്നെയാണ്. അത് മഹത്തായ ധൈര്യ പ്രകടനമാണ്. രണ്ടു കാര്യങ്ങളിൽ ക്ഷമ കണ്ടെത്താവുന്നതാണ് വാക്കിലും പ്രവർത്തിയിലും. നിങ്ങൾ പറയുന്ന (നല്ല) വാക്കുകൾ (ദഅ്വത്തുല്ലാഹ് തുടരുക) അത് നിങ്ങൾ തുടർന്നും പറഞ്ഞുകൊണ്ടിരിക്കുക. എണ്ണമറ്റ സമയം നിങ്ങൾ ഈ കാര്യം തന്നെ പറയേണ്ടി വന്നാലും ശരി! നിങ്ങൾ അത് പറഞ്ഞുകൊണ്ടിരിക്കുക. അല്ലാഹു(ത) പോലും അവന്റെ കല്പനകളും ഉപദേശങ്ങളും വിശുദ്ധഖുർആനിൽ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിനാണ് പറയുന്നത് ക്ഷമ എന്ന്! വാക്കുകളിലെ ക്ഷമ! നിങ്ങളുടെ നിലപാടുകളിൽ നിന്ന്, പ്രവർത്തനങ്ങളിൽ നിന്ന് നിങ്ങൾ പുറകോട്ടു പോകുന്നില്ല എന്നതിന്റെ തെളിവാണിത്. നിങ്ങളുടെ വഴിയിൽ വരുന്ന പരീക്ഷണങ്ങളാകുന്ന തടസ്സങ്ങൾ എന്തുതന്നെ ആണെങ്കിലും, അത് പ്രയാസത്തിനു മേൽ പ്രയാസമാണെങ്കിലും ശരി, നിങ്ങളുടെ സത്പ്രവർത്തനത്തിന്റെ സൗന്ദര്യത്തിന് പകരം ദുഷ്ചെയ്തികൾ പകരം വെയ്ക്കരുത്. വൃത്തികെട്ട പ്രവർത്തനങ്ങൾ അവസാനിപ്പിക്കുക. നിങ്ങൾ ശീലമാക്കേണ്ട രണ്ട് രീതിയിലുള്ള ക്ഷമ ഇതാകുന്നു.

## THE COURAGE TO PRAY AS A RESULT OF PATIENCE.

## ക്ഷമയുടെ ഫലമായുള്ള പ്രാർത്ഥന

ക്ഷമയോടൊപ്പം മറ്റൊരു ശക്തികൂടി നിങ്ങൾ നേടേണ്ടതായിട്ടുണ്ട്. അത് നിങ്ങൾ ആർജ്ജിക്കേണ്ടത് നിങ്ങൾ അല്ലാഹുവിനോടു ചെയ്യുന്ന ദുആയുടെ പ്രഭാവത്തിലൂടെയാണ്. ദുആയിലൂടെ അല്ലാഹുവിന്റെ അനുമതിയോടെ ജനങ്ങളുടെ ഹൃദയങ്ങൾ

നിങ്ങൾക്ക് തുറക്കുവാനും സാധിക്കുന്നതാണ്. നിങ്ങൾ ആരെയാണോ ദഅ്‌വ ചെയ്യുന്നത് പ്രസ്തുത ആളിന്റെ ഹൃദയത്തെ അല്ലാഹു(ത) തുറന്നേക്കാം. ദുആയിലൂടെ, നിങ്ങൾ ആഗ്രഹിക്കുന്നത്, പ്രസ്തുത വ്യക്തിക്ക്/ വ്യക്തികൾക്ക് ദൈവീക സന്ദേശത്തിൽ വിശ്വാസമുണ്ടാകണമെന്നും, അത്യുന്നതനായ ദൈവത്തിൽ വിശ്വസിക്കണമെന്നും, അവന്റെ ദൂതന്മാരിലും വിശ്വസിക്കണമെന്നും എല്ലാ പൊയ് ദൈവങ്ങളെയും ഉപേക്ഷിക്കണമെന്നുമാണ്. ഈ പ്രാർത്ഥനകൾ, നിങ്ങളുടെ ഉള്ളിൽ ആഴത്തിൽ മൂടപ്പെട്ടവയാണ്. സമയാസമയങ്ങളിൽ അത് നിങ്ങളുടെ ചുണ്ടുകളിലൂടെ പുറത്തു വരുന്നു. (കാരണം നിങ്ങൾ ആഗ്രഹിക്കുന്നു, അവർ യഥാർത്ഥ ദൈവത്തിൽ വിശ്വസിക്കണമെന്ന്) ദഅ്‌വത്തുല്ലാഹ് ജോലിയിൽ, ദുആകൾ പുറത്തുവരുന്നത്, അത്തരം പ്രഭാവത്തോടെയാണ്, തീർച്ചയായും ദുആകൾക്ക്, ക്ഷമയുമായി വളരെ വലിയ ബന്ധമുണ്ട്. ക്ഷമ അത്തരത്തിലുള്ള ഒരു ഗുണമാണ്. നിങ്ങളെ അത് ദുആയിൽ കൊണ്ടെത്തിക്കുന്നു. തീർച്ചയായും ദുആകൾ നിങ്ങളുടെ ഹൃദയങ്ങളുടെ മഹത്വത്തിൽ നിന്നുമാണ്, അത് പുറത്തുവരുന്നത്.

## THE DAI-I-ALLAH NEEDS TO SPEAK GENTLY.

## അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ആൾ മാന്യമായി സംസാരിക്കേണ്ടതാണ്.

ദാഈ ഇലല്ലാഹ്യ്ക്ക് ഉണ്ടായിരിക്കേണ്ട് അഭികാമ്യമായ ഒരു ഗുണമാണ്, അയാൾ മൃദുലമായി സംസാരിക്കുക എന്നത്. അതായത് അയാൾ നല്ല പെരുമാറ്റ രീതി സ്വായത്തമാക്കേണ്ടതാണ്. അദ്ദേഹം ചൂടുള്ളവനായിരിക്കരുത്, അതായതു ക്ഷിപ്രകോപി ആയിരിക്കരുത്. നിങ്ങളുടെ സംഭാഷണങ്ങളിൽ ആരെങ്കിലും നിങ്ങളെ പ്രകോപിപ്പിച്ചാലും, നിങ്ങൾ അതേ വികാരം തിരിച്ചു പ്രകടിപ്പിക്കരുത്, മറിച്ച് നിങ്ങൾ വളരെ മാന്യമായ നിലയിൽ ഇടപെടുക. ഇനി ഒരാൾ വിനയമില്ലാത്തവനാണെങ്കിൽ, പരുഷ സ്വഭാവപ്രകൃതിക്കാരനാണെങ്കിൽ, മോശം വ്യക്തിത്വത്തിനുടമയാണെങ്കിൽ, അദ്ദേഹത്തിൽ പ്രയോജനകരമായ ഒരറിവും ഇല്ലെങ്കിൽ, അദ്ദേഹത്തിൽ നിന്നും ഈ ലോകത്തിന് പ്രത്യേകം പ്രയോജനമൊന്നും ലഭ്യമാകുന്നതല്ല. ഒരു ദാഈ ഇലല്ലാഹ് ആയി തീരുന്നതിന്, നിങ്ങൾ മറ്റുള്ളവർക്ക് മാതൃകയാകേണ്ടതാണ്. വിശിഷ്യാ നിങ്ങൾ അപരിചിതരുമായി ഇടപഴകുമ്പോൾ! അത്തരം സംഭവങ്ങളിൽ നിങ്ങൾ വളരെ വിനയമുള്ള ആളായിരിക്കണം.

നിങ്ങൾ സ്വയം നിയന്ത്രണവിധേയമായിരിക്കണം. നിങ്ങളുടെ ശത്രുക്കൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുവാനുള്ള ധൈര്യം കാണിക്കണം. എന്നിട്ട് അവർക്ക് യഥാർത്ഥ സന്ദേശം വിശദീകരിച്ചു കൊടുക്കുക. അതു വിനയത്തോടെയും സ്നേഹത്തോടെയുമായിരിക്കണം. അവരുടെ ചോദ്യങ്ങൾക്ക് നിങ്ങൾ നല്ല പെരുമാറ്റരീതിയിലൂടെ മറുപടി നല്കുക. ദാഈ അല്ലാഹ് യുടെ പ്രധാന ഗുണം ഇതുതന്നെയാണ്. ഈ കാര്യത്തിൽ ഒരാൾ വിജയിച്ചാൽ, അവന് ഏതു വലിയ മതപുരോഹിതനുമായും അവന് പോരാടുവാൻ കഴിയുന്നതാണ്. മതപരമായി വലിയ അറിവുള്ളവരാണ് എന്നു ജനങ്ങൾ കരുതുന്ന ആളുകൾക്ക് യഥാർത്ഥത്തിൽ അവർക്ക് ശരിക്കും മതാധ്യാപനങ്ങൾ അറിയില്ലാ എന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരം ആളുകൾക്ക് മതത്തിന്റെ യഥാർത്ഥ മൂല്യം അറിയില്ല, അതിന്റെ മഹത്വവും അറിയില്ല, ഇത്തരം ആളുകളാണ് അവരുടെ അജ്ഞതമൂലം മറ്റുള്ളവരെ വഴികേടിലാക്കുന്നത്.

## THOSE WHO DO THE DAWAT-I-ALLAH MUST HAVE THE FEAR OF ALLAH.

## ദഅ്വത്തുല്ലാഹ് ചെയ്യുന്നവർ, തീർച്ചയായും അവർക്ക് ദൈവഭയം ഉണ്ടായിരിക്കണം

ഭൗതിക ജോലികളുടെ രംഗങ്ങളിൽ, അല്ലാഹുവിനോടു ഭയമില്ലാതെ അനേകം ആളുകൾ വളരെയധികം സംസാരിക്കുന്നുണ്ട്. അവരുടെ ജീവിതചര്യയിലും ജോലിയിലുമുള്ള പുരോഗതി സംബന്ധമായും അവർ വളരെ കൂടുതൽ സംസാരിക്കുന്നുണ്ട്. ഈ സംസാരമെല്ലാം അവർക്ക് വേണ്ടി മാത്രമുള്ളതാണ്. അതവർക്ക് അറിയുകയും ചെയ്യാം. ജീവിതത്തിൽ, മറ്റുള്ളവർ പറയുന്നതു കേൾക്കാൻ നിങ്ങൾ പഠിക്കേണ്ടതായിട്ടുണ്ട്. ഇത് നിങ്ങളിൽ രൂപപ്പെടുത്തി എടുക്കുവാൻ തയ്യാറാകേണ്ടതാണ്. അതായത് മറ്റുള്ളവർ പറയുന്നതു കേൾക്കുവാൻ തയ്യാറാവുക എന്ന ഗുണം! നിങ്ങൾ സംസാരിക്കുന്നതിന് മുൻപ് നിങ്ങൾ പറയുന്നതു സംബന്ധമായി ചിന്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങൾ ചിലപ്പോൾ അല്ലാഹുവിന് ക്രോധമുണ്ടാകുന്ന വാക്കുകൾ ഉച്ചരിച്ചു പോകാം. നിങ്ങൾ ആരോടാണോ സംസാരിക്കുന്നത് പ്രസ്തുത ആളിന്റെ വികാരത്തിന് ചിലപ്പോൾ മുറിവേല്ക്കാം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു(ത) നമ്മെ പഠിപ്പിച്ചിരിക്കുന്നു, നാം ചെയ്യുന്ന എല്ലാ പ്രവർത്തികളും അല്ലാഹുവിനെ ഭയന്നുകൊണ്ടായിരിക്കണം എന്ന്! അല്ലാഹുവിനെ എത്രത്തോളം ഭയന്നുകൊണ്ട് ഒരു വ്യക്തി സംസാരിക്കുന്നുവോ, അവന്റെ വാക്കുകൾ അത്രത്തോളം വലിയ സ്വാധീനമുണ്ടാക്കുന്നതാണ്. അല്ലാതുള്ള പദ്ധതികളൊന്നും പ്രയോജനപ്പെടുകയില്ല. അല്ലാഹുവിലേക്കുള്ള ക്ഷണത്തെ പ്രാപ്തമാക്കുവാൻ-അതുകൊണ്ടാണ് പറയുന്നത്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ അവരുടെ തഖ്‌വയുടെ നിലവാരവും ഗുണവും വർദ്ധിപ്പിക്കുവാൻ! അങ്ങനെ ആയാൽ അവരുടെ വാക്കുകൾക്ക് പ്രഭാവം ഉണ്ടാകും. ശക്തി ഉണ്ടാകും. അങ്ങനെ, നിങ്ങളുടെ വാക്കുകൾക്ക് നിങ്ങൾ ഉദ്ദേശിച്ച പ്രഭാവം ഉണ്ടാകുന്നതാണ്. പ്രസ്തുത വാക്കുകൾ അവരുടെ ചെവികളിൽ (ഹൃദയങ്ങളിൽ) നിങ്ങളെ ശ്രവിക്കുന്നവരുടെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിതീർക്കാം. ഇതിന് നിങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർന്നേപറ്റൂ, ഇൻശാ അല്ലാഹ് !

## THE DAI-I-ALLAH SHOULD NOT REST UNTIL PEOPLE RECEIVE AND UNDERSTAND THE MESSAGE.

## ജനങ്ങൾ ദൈവീകസന്ദേശം സ്വീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതുവരെ, ദൈവത്തിലേക്കു ക്ഷണിക്കുന്നവൻ, വിശ്രമിക്കുവാൻ പാടില്ല

ദാഇഈ ഇലല്ലാഹ്മാരുടെ മേൽ വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്. മുഴുലോകവും മുഴുജനതയേയും യഥാർത്ഥമായ അല്ലാഹുവിന്റെ മതം അറിയണം, ഈ വിശ്വാസത്തിലേക്ക് അവർ പ്രവേശിക്കുകയും വേണം. ഇത് ഒരു നിസ്സാരമായ കർമ്മമല്ല. ഇത് അതിമഹത്തായതും മൂല്യവത്തായതുമായ ഒരു ജോലിയാണ്. അത് അല്ലാഹു(ത) നമ്മുടെ മേൽ ചുമതലപ്പെടുത്തിയതാണ്. ഈ ഉത്തരവാദിത്വം എല്ലാവർക്കുമുള്ളതല്ല. ഈ ഉത്തരവാദിത്വം എല്ലാ ജമാഅത്തിനുമുള്ളതല്ല. ഇതിന്റെ മാർഗനിർദ്ദേശം എല്ലാവർക്കുമുള്ളതല്ല. ഈ ജോലിയിൽ വിജയിക്കുന്നതിന്, നാം ഓരോരുത്തരും വളരെ ഗൗരവപൂർവ്വം തയ്യാറെടുക്കേണ്ടതാണ്. ഇതല്ലാതെ ഇതിന് വേറൊരു വഴിയില്ല. നിങ്ങൾ ഓരോരുത്തരും ദഅ്‌വത്തുല്ലാഹ് ചെയ്യുവാൻ ഉത്തരവാദിത്വമേല്പിക്കപ്പെട്ടവരാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹ

ത്താൽ-അവന്റെ പ്രയത്നം തുടരുന്നടത്തോളം കാലം അവന് ഫലം ലഭിക്കാതിരിക്കില്ല. അവൻ യാതൊരു കാരണവശാലും നിസ്സംഗതനായോ, പ്രവർത്തന രഹിതനായോ ഇരിക്കുവാൻ പാടില്ല. അവന്റെ കഴിവിൽ പെട്ട എല്ലാ കാര്യങ്ങളും അവൻ ചെയ്യേണ്ടതാണ്. ദുആയോടു കൂടി അവന്റെ കഴിവിന്റെ പരമാവധി ചെയ്യണം. ഈ ജോലി അവൻ സംരക്ഷിച്ചു നിർത്തണം. തീർച്ചയായും അല്ലാഹുവിന്റെ പാതയിലുള്ള ഈ പ്രവർത്തനത്തിന്, അവൻ പ്രതിഫലം നല്കുക തന്നെ ചെയ്യും. ഇൻശാ അല്ലാഹ്

## THOSE WHO DO THE DAWAI-I-ALLAH SHOULD BE STEADFAST.

**അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ മനഃസ്ഥിരതയുള്ളവരായിരിക്കണം.**

ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട- നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗ്ഗത്തിൽ) ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും. വളരെയധികം പൊറുക്കുന്നവനും കരുണാമയനുമായ (അല്ലാഹു)വിൽ നിന്നുള്ള സത്കാര വിഭവം (41:31-33)

ഈ വചനം നമ്മെ പഠിപ്പിക്കുന്നത്, അല്ലാഹു(ത) തന്റെ രക്ഷകനാണെന്ന്, ഏതൊരാൾ തറപ്പിച്ചു പറയുന്നുവോ, അവനെ അല്ലാഹു(ത) എല്ലാത്തരം പ്രയാസങ്ങളിലൂടെയും കടന്നുപോകുവാൻ പരീക്ഷിക്കുന്നതാണ്. ഈ പ്രയാസങ്ങളുടെ ഫലമായി, നിങ്ങൾ വളരെയധികം മനഃസ്ഥിരത കൈവരിക്കേണ്ടതായി വരും. അതുപോലെ ക്ഷമയും കൈക്കൊള്ളേണ്ടതായി വരും.

അതുപോലെ നിങ്ങൾക്ക് ചില ബാഹ്യമായും, ആന്തരികവുമായും പ്രയാസങ്ങളും നേരിടേണ്ടതായി വരുന്നതാണ്. അതൊക്കെ പരീക്ഷണങ്ങൾ തന്നെയാണ്. ആന്തരിക പ്രയാസങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ, പ്രസ്തുത വ്യക്തി (അതായത് ദാഈ ഇലല്ലാഹ്) പൊതുജനങ്ങളെ പരിശീലിപ്പിക്കുന്ന പ്രക്രിയ

യിൽ ഏർപ്പെടുമ്പോൾ) അദ്ദേഹം വളരെയധികം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരുന്നതാണ്. അദ്ദേഹം എടുക്കുന്ന ഓരോ നടപടിയും അദ്ദേഹത്തെ തടസ്സപ്പെടുത്തുവാൻ പരമാവധി പരിശ്രമിക്കുന്നതാണ്. ശത്രുക്കൾ ഇപ്രകാരം പറയുകയും ചെയ്യുന്നതാണ്. നിങ്ങളുടെ ഈ പറയപ്പെട്ട ഗുരുവിനെ നിങ്ങൾ പിൻതുടർന്നാൽ, നിങ്ങളുടെ ജീവിത വിഭവങ്ങൾ ചുരുങ്ങും, നിങ്ങൾ അനേകം പ്രയാസങ്ങളിൽ അകപ്പെടും. പ്രശ്നങ്ങളിൽ ചെന്നും വീഴും.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ അഭിമുഖീകരിക്കേണ്ടി വരുന്ന ആന്തരിക പരീക്ഷണങ്ങളാണിവ. അത്തരം സന്ദർഭങ്ങളിൽ, മനഃസ്ഥിരത കൈകൊള്ളുകയും, അവരുടെ വാദത്തിന്റെ സത്യത അവരുടെ മുമ്പിൽ തെളിയിക്കുകയും, ചെയ്യേണ്ടതാണ്. അങ്ങനെ ആയാൽ എല്ലാവിധ പ്രയാസങ്ങളിൽ നിന്നും അവർ പുറത്തു വരുന്നതാണ്. പരീക്ഷണങ്ങളെ അവർ ധൈര്യപൂർവ്വം നേരിടേണ്ടതാണ്. അല്ലാഹുവിനെയല്ലാതെ, മറ്റൊന്നിനെയും ഈ പാതയിൽ ഭയപ്പെടരുത്. അവരുടെ ജീവിത വിഭവങ്ങൾ ഒരുക്കുന്നത് അല്ലാഹു(ത) ആണെന്ന് അവർ ദൃഢമായി വിശ്വസിക്കേണ്ടതാണ്. അവനിലൂടെ മാത്രമാണ് അവർക്ക് എല്ലാവിധ അനുഗ്രഹങ്ങളും എത്തിപ്പിടിക്കുവാൻ സാധിക്കുന്നത് എന്നും അവർ ദൃഢമായി വിശ്വസിക്കണം. ഇത്തരത്തിലുള്ള ദാഇൗ ഇലല്ലാഹ് മാരായി നാം ഓരോരുത്തരും മാറണം. അങ്ങനെ തന്നെ ആയിതീരണം.

അതുകൊണ്ട്, അല്ലയോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ! മുന്നോട്ട് വരൂ! ഇത്തരം ഭയങ്ങളെല്ലാം നിങ്ങൾ നീക്കം ചെയ്യൂ! അന്ധകാരത്തെ വെളിച്ചമാക്കി മാറ്റൂ! ദുഃഖത്തെ മാറ്റി പകരം തത്സ്ഥാനത്ത് ശാന്തിയും സമാധാനവും കൊണ്ട് നിറയ്ക്കൂ നിങ്ങളുടെ വിധി അപ്രകാരമുള്ളതാക്കി മാറ്റൂ!

## THOSE WHO DO THE DAWAT-I-ALLAH NEED TO HAVE A STRONG CONNECTION WITH ALLAH.

## അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർക്ക് അല്ലാഹുമായി അതിശക്തമായ ബന്ധം ഉണ്ടായിരിക്കേണ്ടതാണ്

അല്ലാഹുവിലേക്കുള്ള ക്ഷണത്തിന്, അല്ലാഹുമായി മഹത്തരമായ ഒരു ബന്ധമുണ്ട്. നല്കപ്പെടുന്ന ഉപദേശങ്ങൾ

സ്വാധീനമുള്ളതായി തീരുവാൻ, പ്രഥമമായി നിങ്ങൾക്ക് വേണ്ടത്, നിങ്ങൾക്ക് അല്ലാഹുമായി അതിശക്തമായ ഒരു ബന്ധമുണ്ടായിരിക്കണം.

ദഅ്വത്തുല്ലാഹ് ജോലി ചെയ്യുന്നവർ, അല്ലാഹുമായി അതിശക്തമായ, ദൃഢതരമായ ഒരു ബന്ധമുണ്ടായിരിക്കണം. അങ്ങനെയായൽ അവരുടെ ഉപദേശങ്ങൾ, നല്ല പ്രവർത്തനങ്ങളുടെ ഒരു വിപ്ലവം തന്നെ സൃഷ്ടിക്കും. അതുകൊണ്ടാണ് പറയുന്നത് നിങ്ങൾ അല്ലാഹുമായി ശക്തിമത്തായ ഒരു ബന്ധം സ്ഥാപിച്ചിരിക്കണമെന്ന്, അങ്ങനെ ആകുമ്പോഴാണ് അവരിൽ ഈ പ്രകാശം പ്രവേശിക്കുന്നത്.

രണ്ടാമതായി, നിങ്ങൾ ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയാണെങ്കിൽ നിങ്ങൾക്ക് സഹജമായ ഒരാഗ്രഹം നിങ്ങളിൽ ഉള്ള നിലയിലായിരിക്കണം അത് ചെയ്യേണ്ടത്. സമ്പൂർണ്ണമായും അല്ലാഹുവിനെ ലഭിക്കുന്നതിനു വേണ്ടി ആയിരിക്കണം. നിങ്ങൾ അല്ലാഹുവിലേക്ക് എത്തിച്ചേർന്നിരിക്കുന്നു എന്നും തനിക്ക് അവനെ കിട്ടിയിരിക്കുന്നു എന്നുമുള്ള നിലയിലായിരിക്കേണം, നിങ്ങളിൽ ഈ ഒരു വിചാരം ഉണ്ടായിരിക്കണം, നിങ്ങൾ അല്ലാഹുമായി വിജയകരമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്ന നിലയിലുമായിരിക്കണം, എന്നിട്ടായിരിക്കണം നിങ്ങൾ ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കേണ്ടത്. ഇതു സംഭവിക്കുമ്പോൾ, അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന നിങ്ങളുടെ ശബ്ദത്തിൽ, അതിൽ ഒരു ദൃഷ്ടാന്തമുണ്ടായിരിക്കും, അത് മറ്റൊരു രീതിയിലുള്ള ആദരവായിരിക്കും, ഒരു കടമ എന്ന നിലയിൽ നിങ്ങൾ ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുമ്പോൾ, ഈ ശബ്ദത്തിന് ഒരളവു വരെ പൂർണ്ണതയുടെ ഇന്ദ്രിയ ശക്തിയുണ്ടായിരിക്കും, നിങ്ങൾക്ക് അല്ലാഹുവിനെ ലഭിച്ചു കഴിയുമ്പോൾ, (നിങ്ങളുടെ കൂടെ) അവനെ പ്രാപിക്കുവാൻ കഴിയുമ്പോൾ, ഈ ശബ്ദ്ത്തിന് മറ്റൊരർത്ഥം ലഭിക്കുന്നു. (സമ്പൂർണ്ണതയിൽ നിന്നും കൂടുതൽ കൂടുതൽ സമ്പൂർണ്ണതയിലേക്കെത്തുന്നു) ഇതിലൂടെയുള്ള തീരുമാനവും ധൈര്യവും കൂടുതൽ സുതാര്യമായി തീരുന്നു.

## TO ENABLE SUCCESS IN DAWAT-I-ALLAH, THE REAL TOOL/WEAPON IS DUAH

## ദഅ്വത്തുല്ലാഹ് വിജയത്തിലെത്തിക്കാനുള്ള യഥാർത്ഥ ഉപകരണം പ്രാർത്ഥനയാകുന്നു.

ദഅ്വത്തുല്ലാഹ് ചെയ്യുവാൻ, ഏറ്റവും അത്യന്താപേക്ഷിതമായ കാര്യം, യഥാർത്ഥമായ നിലയിൽ ഇത് പൂർത്തീകരിക്കണമെന്നുള്ള ഇഛയാകുന്നു. ദുആയെ തുടർന്നാണ് ഇതുണ്ടാകണ്ടത്. അറിവും, തെളിവുകളും, മറ്റു കാര്യങ്ങളും ഇതിനെ തുടർന്നാണ് ഉണ്ടാകേണ്ടത്. ദീനിനെകുറിച്ച് വലിയ അറിവ് ഇല്ലാത്ത നിരക്ഷര കുക്ഷികളായ എത്രയോ ആളുകളെ ഞാൻ കണ്ടിരിക്കുന്നു. കാര്യം ഇങ്ങനെ ആണെങ്കിലും, അവരുടെ വാക്കുകളിൽ നല്ല പ്രവർത്തനങ്ങൾ ചെയ്യണമെന്നുള്ള വാഞ്ചയും തഖ്വയും സ്ഫുരിക്കുന്നത് (ഞാൻ കണ്ടിരിക്കുന്നു) അവർ പ്രാർത്ഥനയുമായി ബന്ധിതരായിരുന്നു. ദാഇൗ അല്ലാഹ് എന്ന ജോലി അവർ പൂർത്തിയാക്കുന്നവരായിരുന്നു. അതുകൊണ്ടാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാം അംഗങ്ങളും ദുആ കൊണ്ടായിരിക്കണം ദാഇൗ ഇലല്ലാഹ് ജോലി ചെയ്യേണ്ടത്. ദുആ ഇല്ലെങ്കിൽ അവൻ മരണതുല്യനാണ്. ദുആ ഇല്ലെങ്കിൽ കരയിൽ അകപ്പെട്ട മത്സ്യം പോലെയാണ്. അത് മരണമടയുന്നതാണ്. അതുകൊണ്ട് തന്നെ ദഅ്വത്തുല്ലാഹ്യുടെ ഫലം ഉണ്ടാകുന്നതല്ല.

നിങ്ങൾ ദഅ്വത്തുല്ലാഹ്യുടെ രംഗത്തേക്ക് പ്രവേശിക്കുകയാണെങ്കിൽ, അല്ലാഹു(ത) തന്നെയായിരിക്കും. കുറെശ്ശെ കുറെശ്ശയായി നിങ്ങൾക്കാവശ്യമായ പരിശീലനം നല്കുന്നത്. നിങ്ങളുടെ ഓർമ്മശക്തിയെ അവൻ ഉണർത്തുന്നു. നിങ്ങളുടെ അറിവിൽ അവൻ അനുഗ്രഹം ചൊരിയുന്നു. അല്ലാഹുവിലേക്കുള്ള ക്ഷണത്തിന്റെ ഏറ്റവും മഹത്തായ ഉപകരണം എന്നത് അല്ലാഹു(ത)യുടെ സഹായം തന്നെയാണ്. അതോടൊപ്പം ദുആയുമാകുമെങ്കിൽ, അതിലൂടെ അവൻ പ്രവേശിക്കുന്നത് ഒരു യുദ്ധക്കളത്തിലേക്കാണ്. ആയതിനാൽ ലോകത്തിലെ ഒരു ശക്തിക്കും അവനോടു പോരാടുവാനോ അവനെ പരാജയപ്പെടുത്തുവാനോ സാധിക്കുകയില്ല. അതുകൊണ്ടാണ്, ഈ പ്രഖ്യാപനത്തോടെ, ഞാൻ നിങ്ങളോടുപേക്ഷിക്കുന്നത്, നിങ്ങൾ മുൻപ് ദാഇൗ ഇലല്ലാഹ് ആയിരുന്നില്ലെങ്കിൽ ഇപ്പോൾ മുതൽ

ദാഈ ഇലല്ലാഹ് ആയി മാറു. അല്ലാഹുവിലേക്കുള്ള ക്ഷണത്തി നായി നാം വെയ്ക്കുന്ന ഓരോ ചുവട്ടടിയിലും അവനോടുള്ള പ്രാർത്ഥന ഉണ്ടായിരിക്കണം. നാം അല്ലാഹുവിലേക്കുള്ള ക്ഷണം നടത്തുമ്പോൾ നാം അവനോട് പ്രാർത്ഥിക്കുക. നാം വീട്ടിലേക്ക് മടങ്ങിവരുമ്പോഴും, നാം പ്രാർത്ഥിക്കുക. നാം നമ്മുടെ മക്ക ളോടും ദുആ ചെയ്യുവാൻ പറയുക. അല്ലാഹുവിലേക്കുള്ള ക്ഷണ ത്തിൽ നിങ്ങൾ നിങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ, അത് നിങ്ങൾ ഹൃദയസാന്നിധ്യത്തോടെ പൂർത്തിയാക്കുകയാ ണെങ്കിൽ, ഈ നിഷ്ക്കളങ്കരായ കുട്ടികളുടെയും നിങ്ങളുടെയും പ്രാർത്ഥനകൾ അല്ലാഹു(ത) എങ്ങനെയാണ് കൂട്ടിക്കലർത്തു ന്നതെന്ന് നിങ്ങളറിയും. നിങ്ങളുടെയും (നിങ്ങളുടെ കുട്ടികളു ടെയും) വാക്കുകളിൽ മഹത്തായ ശ്രേഷ്ഠമായ ആദരപൂർവ്വ മായ ഒരാവേശം നിലനില്ക്കുന്നതായിരിക്കും.

ഓരോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗവും, പ്രാർത്ഥ നയോടെ അവരുടെ ദഅ്വത്തുല്ലാഹ് ജോലി ആരംഭിക്കട്ടെ. ദുആയ്ക്ക് അർഹിക്കുന്ന നിലയിൽ വളരെ വലിയ പ്രാധാന്യം നല്കേണ്ടതാണ്. ഇത് ദിവസവും പതിവായി ചെയ്യേണ്ട കാര്യ വുമാണ്. ഒരു കടമ എന്ന നിലയിൽ ചെയ്തു കൊണ്ടിരി ക്കേണ്ടതാണ്. നിങ്ങൾ അല്ലാഹു(ത)യോട് ഈ നിലയിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. യാ അല്ലാഹ്! ഞങ്ങളുടെ ഉത്ത രവാദിത്വങ്ങൾ പൂർത്തിയാക്കുവാനുള്ള ധൈര്യം നല്കിയാലും ! പൂർണ്ണതോതിലുള്ള ദാഈ ഇലല്ലാഹ് ആയിമാറുവാനുള്ള ഭാഗ്യം നല്കിയാലും ! ഞങ്ങൾ പറയുന്നത് അവർ ശ്രദ്ധിക്കേ ണമെ! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*